## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3886** **15-07-2022 - ൽ മറുപടിയ്ക്ക്**

## മത്സ്യത്തിലെ മായം ചേർക്കലും വിപണനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അയൽ സംസ്ഥാനങ്ങളിൽ നിന്നും രാസപദാർത്ഥങ്ങൾ കലർന്നതും പഴകിയതുമായ മത്സ്യം കയറ്റി വരുന്ന വാഹനങ്ങൾ ചെക്ക്പോസ്റ്റുകളിൽ തന്നെ പരിശോധിച്ച് അവ നശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | അയൽ സംസ്ഥാനങ്ങളിൽ നിന്നും മത്സ്യം കയറ്റി വരുന്ന വാഹനങ്ങൾ ചെക്ക് പോസ്റ്റുകളിൽ തന്നെ പരിശോധന നടത്തി ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്രകാരം മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 ലംഘിക്കുന്ന പക്ഷം ടി നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാ ഭക്ഷ്യ പരിശോധനാ ലാബുകളും, പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിലായി 2 ജില്ലാ ഭക്ഷ്യ പരിശോധനാ ലബോറട്ടറികളും നിലവിലുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ പ്രവർത്തിച്ച് വരുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ വഴി അന്യ സംസ്ഥാനത്ത് നിന്നും എത്തുന്ന മത്സ്യം നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കുകയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മേഖലാ ലാബുകളിൽ അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു.<br><br>സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിലുൾപ്പെടെ മായം ചേർത്തിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകുയും സംസ്ഥാന വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്ന മത്സ്യം, നമ്മുടെ നാട്ടിൽ തന്നെ വിൽപ്പന ചെയ്യുന്ന മത്സ്യം |

| | | | |
|---|---|---|---|
| | | | എന്നിവ പരിശോധിയ്ക്കുന്നതിനായി ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കിയിട്ടുണ്ട്.<br><br>ടി പദ്ധതിയുടെ ഭാഗമായി **22/06/2022** വരെ **5549** മത്സ്യ പരിശോധനകൾ നടത്തുകയും, **2797** സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിയ്ക്കുകയും **131** വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും **17283** കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മായം കലർന്നതും ആരോഗ്യത്തിന് ഹാനികരവുമായ മത്സ്യം പരിശോധിക്കുന്നതിന് സംസ്ഥാന സർക്കാരിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ? | (ബി) | മത്സ്യത്തിൽ ഫോർമാലിൻ, അമോണിയ എന്നിവയുടെ സാന്നിദ്ധ്യം **Central Institute of Fisheries Technologies (CIFT)** വികസിപ്പിച്ച ഫോർമാലിൻ/അമോണിയ ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് തൽസമയം തന്നെ കണ്ടെത്താവുന്നതാണ്. കൂടാതെ അത്യാധുനിക ഉപകരണങ്ങളായ **GCMSMS (Gas Chromatograph coupled with Mass Spectrophotometer), HPLC** (**High-Performance Liquid Chromatography**) എന്നിവ ഉപയോഗിച്ചുള്ള പരിശോധനയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബുകളിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ